## പതിമൂന്നാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ :2428.

18-02-2016 -ൽ ബഹു. ജലവിഭവ
വകുപ്പ് മന്ത്രി മറുപടി
പറയേണ്ടിയിരുന്നത്.

## മൈക്രോ ഇറിഗേഷൻ പദ്ധതികൾ

**ചോദ്യം**

ശ്രീ. കെ.വി. അബ്ദുൾ ഖാദർ

**മറുപടി**

ശ്രീ. കെ. പി. മോഹനൻ
(കൃഷിയും മൃഗസംരക്ഷണവും
അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | കേന്ദ്ര സഹായം ഉപയോഗിച്ച് സംസ്ഥാനത്ത് മൈക്രോ ഇറിഗേഷൻ പദ്ധതികൾ കാര്യക്ഷമമായി നടപ്പാക്കാൻ കഴിയാതിരുന്നത് എന്തുകൊണ്ടാണെന്ന് പരിശോധിച്ചിട്ടുണ്ടോ ; | (എ) | ഉണ്ട്. മൈക്രോ ഇറിഗേഷൻ എന്ന കേന്ദ്രാവിഷ്കൃത പദ്ധതിയിൽ, സംസ്ഥാനത്തെ 10 ജില്ലകൾക്ക് 45 ശതമാനവും മലപ്പുറം, പാലക്കാട്, കണ്ണൂർ, കാസർഗോഡ് എന്നീ 4 ജില്ലകൾക്ക് 60 ശതമാനവും, ധനസഹായമായി നൽകുന്നു. എന്നാൽ സംസ്ഥാന പച്ചക്കറി വികസന പദ്ധതിയിൽ ഉൾപ്പെടുന്ന മൈക്രോ ഇറിഗേഷൻ പദ്ധതിയിൽ 75 ശതമാനം ധനസഹായമാണ് അനുവദിക്കുന്നത്. കേന്ദ്രാവിഷ്കൃത പദ്ധതിയ്ക്ക് ധനസഹായത്തിന്റെ തോതിലുള്ള കുറവ് കാരണം കർഷകരെ പ്രസ്തുത പദ്ധതിയിലേയ്ക്ക് ആകർഷിക്കുവാൻ കഴിയാതെ വരുന്നു. കൂടാതെ കേന്ദ്ര സർക്കാരിന്റെ മാനദണ്ഡപ്രകാരം സംസ്ഥാന സർക്കാർ അംഗീകൃത ഏജൻസികളിൽ നിന്നും മാത്രമേ കർഷകർക്ക് മൈക്രോ ഇറിഗേഷനായുള്ള ഉപകരണങ്ങൾ വാങ്ങുവാൻ നിർവ്വാഹമുള്ളൂ. മറ്റ് സ്ഥാപനങ്ങളെ അപേക്ഷിച്ച് ഉയർന്ന നിരക്കാണ് പ്രസ്തുത ഏജൻസികൾ ഈടാക്കുന്നത്. ഇതും കർഷകരെ പ്രസ്തുത പദ്ധതിയിൽ നിന്നും അകറ്റിനിർത്താൻ കാരണമാകുന്നു. |
| (ബി) | ഇതുവരെ പ്രസ്തുത പദ്ധതിയ്ക്കായി എന്ത് തുക അനുവദിക്കപ്പെട്ടുവെന്നും എത്ര പദ്ധതികൾ കമ്മീഷൻ ചെയ്യാൻ കഴിഞ്ഞുവെന്നും വ്യക്തമാക്കുമോ; | (ബി) യും (സി) യും | 12-ാം പഞ്ചവത്സര പദ്ധതിയിൽ On Farm Water Management (OFWM) എന്ന സ്കീമിൽ ഉൾപ്പെടുത്തിയാണ് മൈക്രോ ഇറിഗേഷൻ പദ്ധതി സ്റ്റേറ്റ് ഹോർട്ടിക്കൾച്ചർ മിഷൻ മുഖേന നടപ്പിലാക്കിവരുന്നത്. മൈക്രോ ഇറിഗേഷൻ പദ്ധതിയ്ക്കായി സംസ്ഥാന ഹോർട്ടിക്കൾച്ചർ |
| (സി) | ഏതെല്ലാം പദ്ധതികളാണിവയെന്നും വെളിപ്പെടുത്താമോ? | | |

| | | | |
|---|---|---|---|
| | | | മിഷന് അനുവദിച്ച തുകയുടെ വർഷം തിരിച്ചുള്ള വിശദാംശം ചുവടെ ചേർക്കുന്നു. |

| വർഷം | കേന്ദ്ര വിഹിതം | സംസ്ഥാന വിഹിതം | സംസ്ഥാന സർക്കാർ പ്രത്യേക ധനസഹായം (മലപ്പുറം, പാലക്കാട്, കണ്ണൂർ, കാസർഗോഡ് ജില്ലകൾക്ക്) |
|---|---|---|---|
| | (തുക ലക്ഷം രൂപയിൽ) | | |
| 2014-15 | 375.00 (35%) | 97.5 (10%) | 79.09 (15%) |
| 2015-16 | 85.62 (27%) | -- | -- |
| ആകെ | 460.62 | 97.5 | 79.09 |

സംസ്ഥാനത്താകെ മൈക്രോ ഇറിഗേഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി 623.9 ഹെക്ടറിൽ ഡ്രിപ്പ് ഇറിഗേഷനും 508.83 ഹെക്ടർ സ്ഥലത്ത് സ്പ്രിംഗ്ളർ ഇറിഗേഷനും സ്ഥാപിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ